LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടറി തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ

*22 [112] ശ്രീ. ടി. പി. എം. സാഹിർ:
,, കെ. എൻ. എ. ഖാദർ:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാക്ടറി തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ നിയമാനുസരണം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്താൻ പരിശോധനകൾ ഊർജ്ജിതപ്പെടുത്തുമോ;

(ബി) പൂർത്തിയാകാത്ത ക്ഷേമ പ്രവർത്തനങ്ങൾ തുടർന്ന് നടപ്പാക്കുന്നതിനും നിർത്തിവച്ചവ പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): (എ ആന്റ് ബി) സംസ്ഥാനത്ത് ഫാക്ടറി നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ നിയമാനുസരണം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ഫാക്ടറി പരിശോധനകൾ നടത്തുന്നുണ്ട്.ഈ പരിശോധനകൾ ഊർജ്ജിതപ്പെടുത്തുന്നതാണ്.

ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ

*23 [113] ശ്രീ. കളത്തിൽ അബ്ദുള്ള:
,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പുതിയ യൂണിറ്റുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം യൂണിറ്റുകൾ എന്ന് വ്യക്തമാക്കുമോ;

(സി) ഇവ എപ്പോൾ പ്രവർത്തനമാരംഭിക്കും എന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): (എ) ഇല്ല.

(ബി ആന്റ് സി) ബാധകമല്ല.